# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

## ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
## ബഹു ചെയർപേഴ്സൺ.

**<u>എച്ച് ആർ എം പി നമ്പർ : 7710/11/12/2024/റ്റി വി എം</u>.**

ഹർജിക്കാരൻ : മഹേഷ് എസ്. ആർ, ഡഫോഡിൽസ്, കുന്നുകുഴി വാർഡ്, വഞ്ചിയൂർ, തിരുവനന്തപുരം.

എതിർകക്ഷി :

**<u>ഉത്തരവ് തീയതി : 16-01-2025</u>.**

1. ഹർജിക്കാരന്റെ വീടിന് പുറകുവശത്ത് സെൻറ് ജോസഫ് കോൺവെൻറ് ഹോസ്റ്റലിന്റെ ഉടമസ്ഥതയിൽ ഉള്ള ജീർണിച്ച് നിൽക്കുന്ന കരിങ്കൽ ഭിത്തിയും മതിലും ഏതുനിമിഷവും ഇടിഞ്ഞുവീണ് പരാതിക്കാരനും കുടുംബാംഗങ്ങൾക്കും ജീവനും വസ്തുക്കൾക്കും അപകടമുണ്ടാകാൻ സാധ്യതയുണ്ടെന്നും തിരുവനന്തപുരം നഗരസഭയ്ക്ക് പരാതി കൊടുത്തിട്ടും അപകട ഭീഷണി ഒഴിവാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ലെന്നുമാണ് ആരോപണം.

2. പരാതിയിൽ തിരുവനന്തപുരം നഗരസഭ സെക്രട്ടറി 10/12/2024 തീയതിയിലെ റിപ്പോർട്ട് സമർപ്പിച്ചു. പരാതിയിൽ പറയുന്ന മതിൽ ബലപ്പെടുത്തുന്നതിന് സെൻറ് ജോസഫ് കോൺവെൻറ് അധികാരികൾക്ക് നോട്ടീസ് നൽകിയിരുന്നെന്നും എന്നാൽ കോമ്പൗണ്ട് വാൾ അപകടാവസ്ഥയിൽ അല്ലെന്നാണ് അവർ മറുപടി നൽകിയതെന്നും ആയതിനാൽ പ്രസ്തുത മതിലിന്റെ stability certificate ഹാജരാക്കുന്നതിനും ടി മതിൽ കാരണം ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും സെൻറ് ജോസഫ് കോൺവെൻറ് അധികാരികൾ മാത്രമായിരിക്കും ഉത്തരവാദി എന്ന് കാണിച്ച് കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നുമാണ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

3. ഹർജിക്കാരൻ ഇന്ന് കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി. നഗരസഭാ സെക്രട്ടറിയുടെ 10/12/2024 തീയതിയിലെ റിപ്പോർട്ടിന്മേൽ 16/1/2025 തീയതിയിലെ രേഖാമൂലം ആക്ഷേപം സമർപ്പിച്ചു. റിപ്പോർട്ടിൽ പറയുന്നതുപോലെ stability certificate റ്റോ മതിൽ മൂലം ഉണ്ടാകുന്ന അപകടത്തിന് പൂർണ്ണ ഉത്തരവാദിത്വം convent ഏറ്റെടുക്കും എന്ന ഉറപ്പോ സംബന്ധിച്ച് നാളിതുവരെ ഒരു അറിയിപ്പും തനിക്ക് ലഭിച്ചിട്ടില്ലെന്നും ജീവൻ പേടിച്ചാണ് താനും കുടുംബവും കഴിയുന്നതെന്നും ഹർജിക്കാരൻ ബോധിപ്പിച്ചു.

4. മതിൽ അപകടാവസ്ഥയിൽ ആണെന്ന് പരാതിക്കാരൻ ആവർത്തിച്ച് പറയുന്നതിനാലും മതിൽ ബലപ്പെടുത്തുന്നതിന് നഗരസഭാ സെക്രട്ടറി നോട്ടീസ് കൊടുത്ത സാഹചര്യത്തിലും നഗരസഭാ സെക്രട്ടറി ഇരുകൂട്ടർക്കും മുൻകൂട്ടി നോട്ടീസ് കൊടുത്ത് അവരെ നേരിട്ട് കേട്ടും മതിലിന്റെ stability certificate പരിശോധിച്ചും ആറാഴ്ചക്കുള്ളിൽ കേരള മുൻസിപ്പാലിറ്റിസ് നിയമവും ചട്ടങ്ങളും പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കാലതാമസം കൂടാതെ പരാതിക്ക് പരിഹാരം ഉണ്ടാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കമ്മീഷൻ ഈ പരാതി തീർപ്പാക്കുന്നു. ഹർജിക്കാരനും തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

( ഒപ്പ്)

ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.

j